# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5335 23.05.2017-ൽ മറുപടിയ്ക്ക്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി പദ്ധതി

| ചോദ്യം<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്.തോമസ്<br>ഡോ.എൻ. ജയരാജ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണം മുൻനിർത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പുസാമ്പത്തികവർഷം വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | തുടർച്ച സാദ്ധ്യതയുള്ളതും പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതും സാമൂഹ്യ നീതിയും സാമൂഹ്യം സുരക്ഷയും ഉറപ്പ് വരുത്തുന്നതുമായ സാമ്പത്തിക വളർച്ചയുടെ ഉയർന്ന പന്ഥാവിലേക്ക് കേരളത്തെ എത്തിക്കുക എന്ന ലക്ഷ്യത്തോടെ പൊതുജനാരോഗ്യ-പൊതുവിദ്യാഭ്യാസ സൗകര്യങ്ങൾ ലോകോത്തരമാക്കുന്നതിനും ഉന്നത വിദ്യാഭ്യാസം, തൊഴിൽ നൈപുണ്യത. പരിസ്ഥിതി സുരക്ഷ എന്നിവയ്ക്ക് ഊന്നൽ നൽകി പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നതിനും തീരുമാനിക്കുകയും അപ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.<br>ആയതിലേക്കായി വിവിധ മിഷനുകൾ സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ജനാധിപത്യഭരണ വ്യവസ്ഥയുടെ അവിഭാജ്യഘടകങ്ങളായ സുതാര്യത. ഉത്തരവാദിത്തം. ജനപങ്കാളിത്തം എന്നിവ ഉറപ്പുവരുത്തുന്നവിധത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശാക്തീകരിയ്ക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി നാടിന്റെ വികസന പ്രക്രീയയിൽ എല്ലാ പൗരന്മാരും തുടർച്ചയായ താൽപര്യമെടുക്കുകയും. പങ്കാളികളാവുകയും ചെയ്യുന്ന അവസ്ഥയിലേക്ക് എത്തിക്കുന്നതിനും പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി ആസൂത്രണ സമിതികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി മോണിറ്ററിംഗിന് സോഷ്യൽ ആഡിറ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

Saradadevi

**സെക്ഷൻ ഓഫീസർ**